“വിംബിൾഡണിൽ പങ്കെടുക്കാൻ വൈൽഡ് കാർഡ് എൻട്രിക്കായി ഞാൻ ശ്രമിച്ചിട്ടില്ല. ഇപ്പോൾ പരിക്കിൽ നിന്ന് മോചിതയാകാനുള്ള ചികിത്സയിലാണ്. പെട്ടെന്ന് പരിക്ക് ഭേദമായി കളി തുടങ്ങാനാണ് ശ്രമം.

മരിയ ഷറപ്പോവ







## മഴയിൽ പൊലിഞ്ഞ സൂര്യോദയം

- ഐ.പി.എൽ പത്താം സീസണിൽ മികച്ച പ്രകടനം നടത്തിയശേഷം നിലവിലെ ചാമ്പ്യന്മാരായ സൺറൈസേഴ്സ് ഹൈദരാബാദ് ഫൈനൽ കാണാതെ പുറത്തായത് ആരാധകരെ കണ്ണീരിലാഴ്ത്തി.
- മൂന്നാംസ്ഥാനക്കാരായി പ്ലേഓഫിൽ എത്തിയ ഹൈദരാബാദ് മഴ തടസപ്പെടുത്തിയ എലിമനേറ്ററിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് ഡെക്‌വർത്ത് ലൂയിസ് നിയമപ്രകാരം 7 വിക്കറ്റിന് തോറ്റാണ് പുറത്തായത്.
- ബാംഗ്ലൂരിൽ പെയ്ത രണ്ട് മഴകൾ സീസണിൽ ഹൈദരാബാദിന് പാരയായി.
- ലീഗിൽ സീസണിൽ ഏറ്റവും മോശം ഫോമിലായിരുന്ന റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെതിരായ മത്സരം മഴമൂലം ഒരു പന്ത് പോലും എറിയാതെ ഉപേക്ഷിക്കപ്പെട്ടു. ഇരുടീമും ഓരോ പോയിന്റ് വീതം പങ്കിട്ടു.
- എലിമിനേറ്ററിൽ മഴ പെയ്തതിനാൽ കൊൽക്കത്തയ്ക്ക് ഡെക്‌വർത്ത് ലൂയിസ് പ്രകാരം വിജയലക്ഷ്യം പുനർനിശ്ചയിച്ചപ്പോൾ 6 ഓവറിൽ 48 റൺ മാത്രം മതിയായിരുന്നു ജയിക്കാൻ.
- ഈ സീസണിൽ 14 മത്സരങ്ങളിൽനിന്ന് 8 ജയവും 5 തോൽവിയും ഉൾപ്പെടെ 17 പോയിന്റുമായാണ് ഹൈദരാബാദ് പോയിന്റ് ടേബിളിൽ മൂന്നാംസ്ഥാനക്കാരായി പ്ലേഓഫിൽ എത്തിയത്.
- സ്വന്തം തട്ടകമായ ഉപ്പൽ സ്റ്റേഡിയത്തിൽ മികച്ച റെക്കാഡായിരുന്നു ഹൈദരാബാദിന്. ഇവിടെ തുടർച്ചയായ 5 ജയങ്ങൾ വാർണറും സംഘവും സ്വന്തമാക്കി. കിംഗ്സ് ഇലവൻ പഞ്ചാബും പൂനെ സൂപ്പർ ജയിന്റ്സും മാത്രമാണ് സൺറൈസേഴ്സിനെ ഹോംഗ്രൗണ്ടിൽ തോൽപ്പിച്ചത്.
- പൂനെയാണ് ഹോം, എവേ മത്സരങ്ങളിൽ ഹൈദരാബാദിനെ തോൽപ്പിച്ച ടീം.
- ഹൈദരാബാദ് നായകൻ ഡേവിഡ് വാർണർ (641) സീസണിൽ ഏറ്റവും കൂടുതൽ റൺ നേടി ടോപ്സ്കോറർ ആകുമെന്ന് ഉറപ്പിച്ചു കഴിഞ്ഞു. ഈ സീസണിലെ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോറും വാർണറുടെ (126) പേരിലാണ്.
- സീസണിൽ ഇതുവരെ ഏറ്റവും കൂടുതൽ വിക്കറ്റ് നേടി പർപ്പിൾ ക്യാപ് വച്ചിരിക്കുന്നത് ഭുവനേശ്വർ കുമാറാണ് (26). സീസണിലെ ഏറ്റവും മികച്ച രണ്ടാമത്തെ ബൗളിംഗ് പ്രകടനവും ഭുവനേശ്വറിന്റെ (5/19) പേരിലാണ്.
- ആശിഷ് നെഹ്റയെപ്പോലെ പരിചയസമ്പന്നനായ ബൗളറുടെ സേവനം പരിക്കുമൂലം ഇടയ്ക്കുവച്ച് നഷ്ടമായത് അവർക്ക് തിരിച്ചടിയായി.
- ഹോം മത്സരങ്ങളിലെപ്പോലെ എവേ മത്സരങ്ങളിൽ മികവ് പുലർത്താൻ ഹൈദരാബാദിന് കഴിഞ്ഞില്ല. 2 എവേ മത്സരങ്ങളിലേ അവർക്ക് ജയിക്കാനായുള്ളൂ.



- മുംബയ് ഇന്ത്യൻസ് ഐ.പി.എൽ പത്താം സീസണിന്റെ ഫൈനലിൽ
- രണ്ടാം ക്വാളിഫയറിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ 6 വിക്കറ്റിന് തോൽപ്പിച്ചു
- നാളെ നടക്കുന്ന ഫൈനലിൽ മുംബയ് ഇന്ത്യൻസ് റൈസിംഗ് പൂനെ സൂപ്പർ ജയിന്റിനെ നേരിടും

*മുംബയ് ഫൈനലിൽ എത്തിയപ്പോൾ ക്രുനാൽ പാണ്ഡ്യയുടെ ആഹ്ലാദം. നിരാശനായി നടന്ന് പോകുന്ന കൊൽക്കത്തയുടെ ഉമേഷ് യാദവ് സമീപം*

# മുംബയ് മാസ്!

ബംഗളൂരു: ഇന്നലെ നടന്ന രണ്ടാം ക്വാളിഫയറിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ 6 വിക്കറ്റിന് തോൽപ്പിച്ച് മുംബയ് ഇന്ത്യൻസ് ഐ.പി.എൽ പത്താം സീസണിന്റെ ഫൈനലിൽ കടന്നു. ഇത് നാലാം തവണയാണ് മുംബയ് ഐ.പി.എല്ലിന്റെ ഫൈനലിൽ എത്തുന്നത്. നാളെ നടക്കുന്ന ഫൈനലിൽ മുബയ് അയൽക്കാരായ റൈസിംഗ് പൂനെ സൂപ്പർ ജയിന്റിനെ നേരിടും.

ഫൈനലിലേക്കുള്ള അവസാന ചാൻസായ രണ്ടാം ക്വാളിഫയറിൽ മുംബയ് ഇന്ത്യൻസിനെതിരെ ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിംഗിനിറങ്ങിയ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് 18.5 ഓവറിൽ 107 റൺസിന് ആൾ ഔട്ടായി. മറുപടിക്കിറങ്ങിയ കൊൽക്കത്ത 14.3 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ വിജയലക്ഷ്യത്തിലെത്തുകയായിരുന്നു. 30 പന്തിൽ 8 ഫോറുൾപ്പെടെ പുറത്താകാതെ 45 റൺ സെടുത്ത ക്രുനാൽ പാണ്ഡ്യയാണ് മുംബയുടെ ടോപ്സ്കോറർ. 9 റൺസെടുത്ത പൊള്ളാഡും പുറത്താകാതെ നിന്നു. രോഹിത്ത് ശർമ്മ (26), അമ്പാട്ടി റായിഡു (6), പാർത്ഥിവ് പട്ടേൽ (14), ലെൻഡൽ സിമ്മോൺസ് (3) എന്നിവരാണ് പുറത്തായ മുംബയ് ബാറ്റ്സ്മാൻമാർ. പിയൂഷ് ചൗള കൊൽക്കത്തയ്ക്കായി രണ്ട് വിക്കറ്റ് വീഴ്ത്തി.

നേരത്തേ 4 ഓവറിൽ 14 റൺസ് നൽകി 4 വിക്കറ്റ് വീഴ്ത്തിയ കരൺ ശർമ്മയും 3 ഓവറിൽ 1 മെയ്ഡനുൾപ്പെടെ 7 റൺസ് മാത്രം നൽകി 3 വിക്കറ്റെടുത്ത ജസ്പ്രീത് ബുംരയുമാണ് കൊൽക്കത്തയുടെ ബാറ്റിംഗ് നിരയെ തകർത്തത്.

തുടക്കത്തിലെ തന്നെ തകർച്ച നേരിട്ട കൊൽക്കത്ത സൂര്യകുമാർ യാദവിന്റെയും (31), ഇഷാങ്ക് ജഗ്ഗിയുടെയും (28) ബാറ്റിംഗിന്റെ പിൻബലത്തിലാണ് 100 കടന്നത്. സുനിൽ നരെയ് ഓപ്പണിംഗ് റോളിൽ തിരികെയെത്തിയ മത്സരത്തിൽ പക്ഷേ എന്നത്തെയും പോലെ ക്രിസ്‌ലിൻ-നരെയ്ൻ സഖ്യം ക്ലിക്കായില്ല. ലിന്നിനെ (4) ടീം സ്കോർ 5 ൽ വച്ച് പാള്ളൊഡിന്റെ കൈയിൽ എത്തിച്ച് ബുംരയാണ് മുംബയുടെ വിക്കറ്റ് വേട്ടയ്ക്ക് തുടക്കമിട്ടത്. അധികം വൈകാതെ 10 പന്തിൽ ഒരു സിക്സ് ഉൾപ്പെടെ 10 റൺസെടുത്ത നരെയ്നെ കരൺ ശർമ്മയുടെ പന്തിൽ പാർത്ഥിവ് പട്ടേൽ സ്റ്റംമ്പ് ചെയ്തു. റോബിൻ ഉത്തപ്പയെ (1) ബുംര എൽ.ബിയിൽ കുരുക്കി. പിന്നാലെ ഫോമിലുള്ള ഗംഭീറും തിരികെപ്പോയി. 15 പന്തിൽ 2 ഫോറുൾപ്പെടെ 12 റൺസ് നേടിയ ഗംഭീർ കരൺ ശർമ്മയുടെ പന്തിൽ ഹാർദിക് പാണ്ഡി പിടിച്ചാണ് പുറത്തായത്. തൊട്ടടുത്ത പന്തിൽ ഗ്രാൻഡ്ഹോമ്മെയെ (0) കരൺ ശർമ്മ എൽ.ബിയിൽ കുരുക്കിയതോടെ 31/5 എന്ന നിലയിലായി കൊൽക്കത്ത. തുടർന്ന് ക്രീഡിൽ ഒന്നിച്ച ജഗ്ഗിയും യാദവും വൻതകർച്ചയിൽനിന്ന് കൊൽക്കത്തയെ കരകയറ്റുകയായിരുന്നു. ഇരുവരും 6-ാം വിക്കറ്റിൽ 56 റൺസ് കൂട്ടിച്ചേർത്തു. ഒടുവിൽ ടീം സ്കോർ 87 ൽ വച്ച് ജഗ്ഗിയെ ജോൺസന്റെ കൈയിൽ എത്തിച്ച് കരൺശർമ്മ തന്നെയാണ് ഈ കൂട്ടുകെട്ടും പൊളിച്ചത്. 31 പന്തിൽ 3 ഫോറുൾപ്പെടെയാണ് ജഗ്ഗി 28 റൺസ് നേടിയത്. പിയൂഷ് ചൗള (2), കോൾട്ടർനിൽ (6) എന്നിവർ ജോൺസന് വിക്കറ്റ് നൽകി മടങ്ങി. 25 പന്തിൽ 2 ഫോറും 1 സിക്സും ഉൾപ്പെടെ 31 റൺസെടുത്ത സൂര്യകുമാർ യാദവിനെ ബുംര മലിംഗയുടെ കൈയിൽ എത്തിച്ചു. ലാസ്റ്റ്മാൻ രാജ്പുത്തിനെ ക്ലീൻബൗൾഡാക്കി മലിംഗ കൊൽക്കത്തയുടെ ഇന്നിംഗ്സിന് തിരശീലയിട്ടു. ഉമേഷ് യാദവ് (2) പുറത്താകാതെനിന്നു.



## മനീഷിനുപകരം കാർത്തിക്

ന്യൂഡൽഹി: പരിക്കേറ്റ മനീഷ് പാണ്ഡേയ്ക്ക് പകരം ദിനേശ് കാർത്തിക്കിനെ ചാമ്പ്യൻസ് ട്രോഫിക്കുള്ള ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ ഉൾപ്പെടുത്തി.

ഐ.പി.എല്ലിൽ സൺറൈസേഴ്സിനെതിരായ എലിമനേറ്ററിന് മുമ്പുള്ള പരിശീലനത്തിനിടെയാണ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് താരമായ മനീഷ് പാണ്ഡേയ്ക്ക് പരിക്കേറ്റത്. 15 അംഗ ടീമിനൊപ്പം തിരഞ്ഞെടുത്ത റിസർവ് ലിസ്റ്റിൽ ഉണ്ടായിരുന്ന താരമാണ് കാർത്തിക്ക്.

71 ഏകദിനങ്ങളിൽ ഇന്ത്യയ്ക്കായി കളത്തിലിറങ്ങിയ തമിഴ്നാട് താരം 27.93 ശരാശരിയിൽ 1313 റൺസ് നേടിയിട്ടുണ്ട്. 2013 ൽ ചാമ്പ്യൻസ് ട്രോഫി സ്വന്തമാക്കിയ ഇന്ത്യൻ ടീമിലും കാർത്തിക് അംഗമായിരുന്നു. ആഭ്യന്തര ക്രിക്കറ്റിൽ കഴിഞ്ഞ സീസണിൽ പുറത്തെടുത്ത മികച്ച പ്രകടനമാണ് ഇപ്പോൾ കാർത്തിക്കിന് നറുക്ക് വീഴാൻ കാരണം.

## ഒളിമ്പിക്സ് സംഘത്തിൽ യോഗ്യതയില്ലാത്ത ഡോക്ടർമാർ

ന്യൂഡൽഹി: റിയോ ഒളിമ്പിക്സിന് പോയ ഇന്ത്യൻ സംഘത്തിൽ മതിയായ യോഗ്യതയില്ലാത്ത രണ്ട് ഡോക്ടർമാരെ ഉൾപ്പെടുത്തിയെന്ന പരാതിയിൽ സി.ബി.ഐ പ്രാഥമിക അന്വേഷണം തുടങ്ങി. ഡോക്ടർ പവൻദീപ് സിംഗ്, ആർ.എസ്. നേഗി എന്നിവർക്കെതിരെയാണ് അന്വേഷണം. ഇരുവർക്കും മതിയായ യോഗ്യതയോ പ്രവർത്തിപരിചയമോ ഇല്ലെന്നാണ് ആക്ഷേപം.

## ഇന്ത്യ ഇറ്റലിയെ തോൽപ്പിച്ചു

റോം: അണ്ടർ-17 സൗഹൃദ ഫുട്ബാൾ മത്സരത്തിൽ ഇന്ത്യ കരുത്തരായ ഇറ്റലിയെ മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് തകർത്തു. അഭിജിത്ത് സർക്കാർ, മലയാളി താരം രാഹുൽ പ്രവീൺ എന്നിവരാണ് ഇന്ത്യയ്ക്കായി സ്കോർ ചെയ്തത്. ഒന്നാം പകുതിയിൽ 31-ാം മിനിറ്റിലാണ് അഭിജിത്ത് ഇന്ത്യയുടെ ആദ്യ ഗോൾ നേടിയത്. 80-ാം മിനിറ്റിൽ രാഹുൽ പ്രവീൺ ഗോൾ പട്ടിക പൂർത്തിയാക്കി.

ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന അണ്ടർ-17 ലോകകപ്പിനു മുന്നോടിയായി മത്സരം പരിചയത്തിനായി നടത്തുന്ന യൂറോപ്യൻ പര്യടനത്തിലാണ് ഇന്ത്യൻ ടീം ഇറ്റലിക്കെതിരെ ചരിത്ര ജയം സ്വന്തമാക്കിയത്. പര്യടനത്തിൽ ഇന്ത്യയുടെ ആദ്യ ജയമാണിത്.

ഇതിനുമുമ്പ് പോർച്ചുഗലിൽ കളിച്ച 6 മത്സരങ്ങളിൽ 5 എണ്ണത്തിലും ഇന്ത്യ തോറ്റിരുന്നു. ഒരെണ്ണത്തിൽ സമനില പിടിച്ചു.



## സംസ്ഥാന യൂത്ത് ബാസ്കറ്റ്ബാൾ

കോട്ടയം: മാന്നാനം കെ.ഇ സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന സംസ്ഥാന യൂത്ത് ബാസ്കറ്റ്ബാൾ ടൂർണമെന്റിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ കോട്ടയം തൃശ്ശൂരിനെയും തിരുവനന്തപുരം കണ്ണൂരിനെയും സെമിയിൽ നേരിടും.

ആൺകുട്ടികളുടെ വിഭാഗത്തിൽ കോട്ടയവും തൃശ്ശൂരും അവസാന നാലിൽ ഇടം നേടി.

ഇഞ്ചോടിഞ്ച് പോരാട്ടത്തിനൊടുവിൽ കോഴിക്കോടിനെ 58-57 ന് ക്വാർട്ടറിൽ കീഴടക്കിയാണ് കോട്ടയം സെമിയിൽ എത്തിയത്. കണ്ണൂർ 42 - 23 ന് എറണാകുളത്തെയും തിരുവനചപുരം 39 - 11 ന് ഇടുക്കിയെയും തൃശ്ശൂർ 32 - 8 ന് ആലപ്പുഴയെയും ക്വാർട്ടറിൽ തോൽപ്പിച്ചു.

ആൺകുട്ടികളുടെ വിഭാഗത്തിൽ തൃശ്ശൂർ 52 - 40 ന് തിരുവനന്തപുരത്തെയും കോട്ടയം 38 - 5 ന് കണ്ണൂരിനെയും ക്വാർട്ടറിൽ വീഴ്ത്തി.



*സംസ്ഥാന യൂത്ത് ബാസ്കറ്റ്ബാൾ ടൂർണമെന്റിൽ ആൺകുട്ടികളുടെ ക്വാർട്ടറിൽ തൃശ്ശൂരും തിരുവനന്തപുരവും തമ്മിലുള്ള പോരാട്ടം*



*ടോട്ടൻഹാമിന്റെ സൺ ഹ്യൂൻ മിന്നും ഹാരി കേനും ബെൻ ഡേവിസും ഒരു ഗോളാഘോഷത്തിൽ*

## ടോട്ടൻഹാം ആറാട്ട്

- ലെസ്റ്റർ ഷെയർ: ഇംഗ്ലീഷ് പ്രിമിയർ ലീഗിൽ രണ്ടാം സ്ഥാനക്കാരായ ടോട്ടൻഹാം ഹോട്ട്സ്പർ കഴിഞ്ഞ തവണത്തെ ചാമ്പ്യന്മാരായ ലെസ്റ്റർ സിറ്റിയെ ഗോൾ മഴയിൽ മുക്കി.
- ലെസ്റ്ററിന്റെ തട്ടകമായി കിംഗ് പവർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 6 - 1 നായിരുന്നു ടോട്ടൻഹാമിന്റെ ജയം. 4 ഗോളുമായി കളം നിറഞ്ഞ ഹാരി കേനും രണ്ട് ഗോൾ നേരിയ ഹ്യൂഗ് മിൻസണ്ണുമാണ് ടോട്ടനത്തിന് വലിയ ജയം സമ്മാനിച്ചത്.
- ബെഞ്ചമിൻ ചിൽവെല്ലാണ് ലെസ്റ്ററിന്റെ ആശ്വാസ ഗോൾ നേടിയത്. 25, 63, 88, 90 മിനിട്ടുകളിലായിരുന്നു കേനിന്റെ ഗോളുകൾ പിറന്നത്.
- 36, 71 മിനിട്ടുകളിലായിരുന്നു സണ്ണിന്റെ ഗോളുകൾ.
- ചിൽവെൽ 59-ാം മിനിട്ടിലാണ് ലെസ്റ്ററിനായി ടോട്ടനത്തിന്റെ വല കുലുക്കിയത്.
- ഈ മത്സരത്തിലെ ഗോളുകളുടെ പിൻബലത്തിൽ കേൻ പ്രിമിയർ ലീഗിൽ സീസണിലെ ടോപ്സ്കോറർ സ്ഥാനത്തെത്തി. 29 മത്സരങ്ങളിൽ നിന്ന് 26 ഗോളുകളാണ് ഈ സീസണിൽ ഇതുവരെ കേൻ അടിച്ചത്.
- 36 മത്സരങ്ങളിൽ നിന്ന് 24 ഗോളുകൾ നേടിയ എവർട്ടണന്റെ റൊമേലു ലുക്കാക്കുവാണ് രണ്ടാംസ്ഥാനത്ത്.
- പ്രിമിയർ ലീഗിന്റെ ചരിത്രത്തിൽ തുടർച്ചയായ സീസണുകളിൽ 25 ൽ അധികം ഗോൾ നേടുന്ന അഞ്ചാമത്തെ താരമാണ് കേൻ.
- 2017 ൽ മാത്രം പ്രിമിയർ ലീഗിൽ കേൻ 18 ഗോളുകൾ നേടി. ലെസ്റ്ററിനെതിരെ ഏറ്റവും കൂടുതൽ ഗോൾ നേടിയ താരവും കേനാണ്.
- ഒരു പ്രീമിയർ ലീഗ് സീസണിൽ മൂന്നിലധികം ഹാട്രിക്കുകൾ നേടുന്ന അഞ്ചാമത്തെ താരമാണ് കേൻ.
- നിലവിലെ ചാമ്പ്യന്മാരായ ടീം വഴങ്ങുന്ന ഏറ്റവും വലിയ തോൽവികളിൽ ഒന്നാണ് ലെസ്റ്റർ വഴങ്ങിയത്. 2011 ഒക്ടോബറിൽ മാഞ്ചസ്റ്റർ സിറ്റി 6 - 1 ന് മാഞ്ചസ്റ്റർ യുണൈറ്റഡിനെ തോൽപ്പിച്ചിരുന്നു.

## വിനീതിനായി കേന്ദ്രം ഇടപെട്ടു

സ്വന്തം ലേഖകൻ

ന്യൂഡൽഹി: ഇന്ത്യൻ ഫുട്ബാൾ ടീമംഗം സി.കെ. വിനീതിനെ ഓഡിറ്റർ തസ്തികയിൽ നിന്നും പിരിച്ചുവിട്ട അക്കൗണ്ടന്റ് ജനറൽ ഓഫീസിന്റെ (ഏജീസ്) നടപടിയിൽ കേന്ദ്ര സർക്കാർ ഇടപെടുന്നു. ഏജീസ് ഓഫീസിന്റെ നടപടിയെക്കുറിച്ച് അന്വേഷിക്കുമെന്ന് കേന്ദ്ര കായിക മന്ത്രി വിജയ് ഗോയൽ അറിയിച്ചു.

വിനീതിനൊപ്പം നിൽക്കുമെന്നും മന്ത്രി പറഞ്ഞു. കഴിഞ്ഞദിവസമാണ് വിനീതിനെ പുറത്താക്കി ഉത്തരവിറക്കിയത്. ഇക്കാര്യത്തിൽ വിശദീകരണം തേടി മന്ത്രാലയം ഏജീസ് ഓഫീസിന് കത്തയയ്ക്കും. മതിയായ ഹാജർ ഇല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടിയെടുത്തത്.

നന്നായി കളിച്ച് രാജ്യത്തിന് വേണ്ടി നേട്ടങ്ങൾ കൊണ്ടുവരികയാണ് താരങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനം.

താരങ്ങൾക്ക് വേണ്ടി പരമാവധി ഇളവുകൾ നൽകണം. വിനീതിനെ തനിക്ക് സഹായിക്കാനാകുമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

2012ലാണ് സ്പോർട്സ് ക്വാട്ടയിൽ വിനീത് ഏജീസ് ഓഫീസിൽ ജോലിയിൽ പ്രവേശിച്ചത്. 2014ൽ അവസാനിക്കേണ്ടിയിരുന്ന പ്രൊബേഷൻ കാലാവധി ഹാജർ കുറവാണെന്ന കാരണം ചൂണ്ടിക്കാട്ടി രണ്ട് വർഷം നീട്ടിയിരുന്നു.

ഈ കാലാവധി 2016ൽ അവസാനിച്ചു. തുടർന്ന് പ്രൊബേഷൻ കാലാവധി രണ്ട് വർഷത്തിലേറെ നീട്ടാൻ കഴിയില്ലെന്ന് ചട്ടം ചൂണ്ടിക്കാട്ടിയാണ് വിനീതിനെ പിരിച്ചുവിട്ടത്.

